# 2015 ഡിസംബർ 10-ാം തീയതി മുതൽ 2016 മെയ് 14 വരെയുള്ള ചിക്കാഗോ കെ. സി. എസ്. പ്രവർത്തന റിപ്പോർട്ട്

ഈ റിപ്പോർട്ട് കാലയളവിൽ നമ്മിൽ നിന്നും വേർപിരിഞ്ഞ ഫാ. ജോസഫ് കല്ലിടാന്തിയിൽ, കുര്യൻ പണയപ്പറമ്പിൽ, ഏലിയാമ്മ കൊരട്ടിയിൽ, ഏലിയാമ്മ വഞ്ചിപ്പുരയ്ക്കൽ, മറിയം കുടിലിൽ, ഫിലിപ്പ് മ്യാലിൽ, ജേക്കബ് കട്ടപ്പുറം, ത്രേസ്യാമ്മ നല്ലുവീട്ടിൽ, സി. ജാക്വലിൻ പഴയംപള്ളിൽ, അച്ചാമ്മ തേവർമറ്റം, ഷിബു കണ്ടാരപ്പള്ളിൽ, അന്നമ്മ വഞ്ചിയിൽ, തങ്കമ്മ മടയനക്കാവിൽ, ശാന്ത വാളാച്ചേരിൽ, ഏലിയാമ്മ പായിക്കാട്ട്, ജാസ്മിൻ ഓളിയാനിക്കൽ, ഫിലിപ്പ് താഴത്ത് വെട്ടത്ത്, അന്നമ്മ ചാക്കോ പനങ്കാലായിൽ എന്നിവരുടെ സ്മരണയ്ക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നു.

വാർഷിക പൊതുയോഗം: ചിക്കാഗോ കെ. സി. എസ് വാർഷിക പൊതുയോഗം 2015 ഡിസംബർ 12 ന് പ്രസിഡന്റ് ജോസ് കണിയാലിയുടെ അധ്യക്ഷതയിൽ ചേർന്നു. ജനറൽ സെക്രട്ടറി ജിനോ കോതാലടിയിൽ അവതരിപ്പിച്ച റിപ്പോർട്ടും ട്രഷറർ സ്റ്റീഫൻ കിഴക്കേക്കുറ്റ് സമർപ്പിച്ച കണക്കും യോഗം അംഗീകരിച്ചു. അടുത്ത പ്രവർത്തന വർഷത്തേക്കുള്ള ഓഡിറ്ററായി ജെയ്ബു കുളങ്ങരയെ തെരഞ്ഞെടുത്തു. പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ലെജിസ്ലേറ്റീവ്, ലെയ്സൺ ബോർഡ് അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു. ഡി.കെ.സി.സി., കെ. സി. സി. എൻ.എ. മുഖപത്രമായ ക്നാനായ ടൈംസ്, നോർത്ത് അമേരിക്കൻ ക്നാനായ കത്തോലിക്കാ ഇടവകാംഗത്വം, കെ. സി. സി. എൻ. എ കൺവെൻഷൻ എന്നിവയെ സംബന്ധിച്ച് ജെയ്മോൻ നന്ദികാട്ട് അവതരിപ്പിക്കുകയും ജോയി കോട്ടൂർ പിന്താങ്ങുകയും ചെയ്ത് വാർഷിക പൊതുയോഗം ഏകകണ്ഠമായി അംഗീകരിച്ച പ്രമേയങ്ങളുടെ പൂർണ്ണരൂപം ചുവടെ ചേർക്കുന്നു.

**പ്രമേയം** : ആഗോളതലത്തിൽ ക്നാനായ കത്തോലിക്ക സമുദായം അസ്ഥിത്വപരമായ നിരവധി പ്രതിസന്ധികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ ഡയസ്പറ ക്നാനായ കത്തോലിക്ക കോൺഗ്രസ് (ഡി. കെ. സി. സി) എന്ന ആഗോള ക്നാനായ കാത്തോലിക്കാ സമുദായ സംഘടനയുടെ പ്രാധാന്യവും പ്രസക്തിയും എന്നത്തേക്കാളും ഇന്ന് വളരെ വലുതാണെന്ന് ചിക്കാഗോ ക്നാനായ കത്തോലിക്കാ സൊസൈറ്റിയുടെ പൊതുയോഗം വിലയിരുത്തുന്നു. ഡി. കെ. സി. സിയുടെ വരുംകാല പ്രവർത്തനങ്ങൾക്ക് ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റി പരിപൂർണ്ണമായി പിന്തുണയും സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്യുന്നു. 2015 മെയ് 16-ാം തീയതി ന്യൂയോർക്കിൽ ചേർന്ന കെ. സി. സി. എൻ. എ. നാഷണൽ കൗൺസിൽ, ഡി. കെ. സി. സി സംബന്ധമായി എടുത്ത തീരുമാനങ്ങൾ സത്വരമായി നടപ്പിൽ വരുത്തുകയും പ്രസ്തുത നാഷണൽ കൗൺസിലിന്റെ വികാരം ഉൾക്കൊണ്ടുകൊണ്ട് ഡി. കെ. സി. സിയുടെ പ്രവർത്തനങ്ങളുമായി കെ. സി. സി.എൻ. എ സഹകരിക്കണമെന്ന് ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ വാർഷിക പൊതുയോഗം ഏകകണ്ഠേന ആവശ്യപ്പെടുന്നു.

2015 മെയ് 16-ലെ ന്യൂയോർക്ക് നാഷണൽ കൗൺസിൽ തീരുമാനപ്രകാരം കെ. സി. സി. എൻ. എ യിൽ നിന്നുള്ള ഡി. കെ. സി. സി പ്രിതിനിധികളുടെ ലിസ്റ്റ് അടിയന്തിരമായി ഡി. കെ. സിയ്ക്ക് അയച്ചു നൽകണമെന്ന് ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റി ആവശ്യപ്പെടുന്നു.

**പ്രമേയം 2:** കെ. സി. സി. എൻ. എയുടെ മുഖപത്രമായ ക്നാനായ ടൈംസ് മുടക്കം

കൂടാതെ പ്രസിദ്ധികരിക്കണമെന്ന് ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ വാർഷിക പൊതുയോഗം ഏകകണ്ഠമായി ആവശ്യപ്പെടുന്നു.

**പ്രമേയം 3:** നോർത്ത് അമേരിക്കയിലെ ക്നാനായ കാത്തോലിക്കാ ഇടവക അംഗത്വത്തെക്കുറിച്ച് 2014 ആഗസ്റ്റ് 18 മുതൽ 30 വരെ സമ്മേളിച്ച 22-ാമത് സീറോ മലബാർ സിനഡ് തീരുമാനപ്രകാരം മാർ ജോർജ്ജ് ആലഞ്ചേരി, മാർ മാത്യു മൂലക്കാട്ട്, മാർ ജേക്കബ് അങ്ങാടിയത്ത്, എന്നിവർ സംയുക്തമായി ഒപ്പു വച്ച സിനോഡൽ കൺസൻസിനെക്കുറിച്ച് കെ. സി. സി. എൻ. എ പ്രസിഡന്റ് കെ. സി. സി. എൻ എ ഭരണ ഘടനാ ഘടകങ്ങളിൽ ചർച്ച ചെയ്യാതെ പുറപ്പെടുവിച്ച പ്രതികരണത്തിൽ ചിക്കാഗോ ക്നാനായ കത്തോലിക്കാ സൊസൈറ്റി വിയോജിപ്പ് രേഖപ്പെടുത്തുന്നു. സുപ്രധാനമായ തീരുമാനങ്ങളും നയങ്ങളും കെ. സി. സി. എൻ. എ നാഷണൽ കൗൺസിലിന്റെ തീരുമാനപ്രകാരം മാത്രമേ നടപ്പിലാക്കാവൂ എന്ന് ചിക്കാഗോ ക്നാനായ കത്തോലിക്കാ സൊസൈറ്റിയുടെ പൊതുയോഗം കെ. സി. സി. എൻ. എ പ്രസിഡന്റിനോട് ആവശ്യപ്പെടുന്നു.

**പ്രമേയം 4:** കെ. സി. സി. എൻ. എ പ്രവർത്തനങ്ങളിലെ ഏറ്റവും പ്രാധാന്യമുള്ള പരിപാടിയായ കൺവെൻഷൻ, വടക്കേ അമേരിക്കയിലെ ക്നാനായ കത്തോലിക്കാ സമുദായാംഗങ്ങൾ പ്രതീക്ഷാപൂർവം കാത്തിരിക്കുന്ന ഒന്നാണ്. കൺവെൻഷന് ആതിഥേയത്വമരുളുന്ന യൂണിറ്റും കെ. സി. സി. എൻ. എ നേതൃത്വവുമായി ഉടലെടുക്കുന്ന അഭിപ്രായവ്യത്യാസങ്ങൾ കൺവെൻഷൻ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിലുള്ള ആശങ്ക ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റി രേഖപ്പെടുത്തുന്നു. 2018 മുതലുള്ള കെ. സി. സി. എൻ. എ കൺവെൻഷൻ കെ. സി. സി. എൻ. എ എക്സിക്യൂട്ടീവിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഇവന്റ് മനേജ്മെന്റ് കമ്പനിയുടെ സഹായത്തോടെ നടത്തിക്കണമെന്ന് ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ വാർഷിക പൊതുയോഗം ഏകകണ്ഠേന ആവശ്യപ്പെടുന്നു.

## ക്രിസ്തുമസ് കരോൾ:

കമ്മിറ്റി ചെയർമാൻ ജോസ് മണക്കാട്ടിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട കരോളിലൂടെ 12050 ഡോളർ സമാഹരിക്കുവാൻ സാധിച്ചു. ക്രിസ്തുമസ് സന്ദേശം ഭവനങ്ങളിൽ എത്തിക്കുന്നതിന് സഹായിച്ചവർക്കും കുടുംബങ്ങളിൽ സ്വീകരിച്ചവർക്കും നന്ദി അറിയിക്കുന്നു.

**ക്രിസ്തുമസ് ആഘോഷവും ഹൂസ്റ്റൺ കൺവെൻഷൻ കിക്കോഫും.:** ഡിസംബർ 26-ാം തീയതി നടത്തപ്പെട്ടു. പ്രസിഡന്റ് ജോസ് കണിയാലിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കെ. സി. സി. എൻ. എ പ്രസിഡന്റ് സണ്ണി പൂഴിക്കാല ഉദ്ഘാടനം ചെയ്തു. ഫാ. തോമസ് മുളവനാൽ ക്രിസ്തുമസ് സന്ദേശവും ഫാ. എബ്രഹാം മുത്തോലത്ത് മുഖ്യ പ്രഭാഷണവും നിർവഹിച്ചു.

ക്രിസ്തുമസ് ആഘോഷത്തോടനുബന്ധിച്ച് നടത്തപ്പെട്ട കെ. സി. സി. എൻ. എ ഹൂസ്റ്റൺ കൺവെൻഷൻ കിക്കോഫ് മെഗാ സ്പോൺസേഴ്സ് ആയ സ്റ്റീഫൻ & സിമി കിഴക്കേക്കൂറ്റിൽ നിന്നും 5000 ഡോളറിന്റെ ചെക്ക് സ്വീകരിച്ച് ഉദ്ഘാടനം ചെയ്തു.

സമ്മേളനത്തോടനുബന്ധിച്ച് കെ. സി. എസ് യുവജനോത്സവം, ഒളിംപിക്സ് എന്നിവയിലെ വിജയികൾ, കർഷകശ്രീ പുരസ്കാരങ്ങൾ, പെർഫക്ട് അറ്റൻഡൻസ് അവാർഡ്, ബെസ്റ്റ് ഗ്രാന്റ് പേരന്റ്സ് അവാർഡ് എന്നിവയും സമ്മാനിക്കപ്പെട്ടു. കലാപരിപാടികൾക്ക് നേതൃത്വം നൽകിയ ഡെന്നി പുല്ലാപ്പള്ളിക്ക് നന്ദി അറിയിക്കുന്നു.

കെ. സി. സി. എൻ. എ ഹൂസ്റ്റൺ പ്രവർത്തനങ്ങൾക്ക് നന്ദി അറിയിക്കുന്നു. ഗ്രാന്റ്

സ്പോൺസേഴ്സ് ജോമോൻ തൊടുകയിൽ, ബിനോയ് ആശാരിക്കുറ്റ്, ബിജു കിഴക്കേക്കൂറ്റ്, ഫ്രാൻസിസ് കിഴക്കേക്കൂറ്റ് എന്നിവർക്കും നന്ദി അറിയിക്കുന്നു.

## ലജിസ്ലേറ്റീവ് ബോർഡ്:

2016 ഫെബ്രുവരി 5-ാം തീയതി ചേർന്ന യോഗം മജോ ഓട്ടപ്പള്ളിയെ ചെയർമാനായും സജി തേക്കുംകാട്ടിലിനെ വൈസ് ചെയർമാൻ ആയും  തെരഞ്ഞെടുത്തു.

ബൈജു കുന്നേൽ (ഫിനാൻസ്), ജോജോ ആലപ്പാട്ട്(ഔട്ട്ഡോർ കമ്മറ്റി), ഡെന്നി പുല്ലാപ്പള്ളിൽ (എന്റർടെയ്മെന്റ്), ജിമ്മി കണിയാലി (ന്യൂസ് ലെറ്റർ), മാത്യു തട്ടാമറ്റം (മെമ്പർഷിപ്പ്), ടോമി പ്ലാത്തോട്ടം എന്നിവരാണ് വിവിധ കമ്മറ്റി ചെയർമാൻമാർ.

ലെജിസ്ലേറ്റീവ് ബോർഡിലെ ഒഴിവിലേക്ക് ഉണ്ണി തേവർമറ്റം, ലെയ്സൺ ബോർഡിലെ ഒഴിവിലേക്ക് ജോമോൻ തൊടുകയിലിന്റെയും നാമനിർദ്ദേശം യോഗം അംഗീകരിച്ചു. ബോർഡ് ഓഫ് ഡയറക്ടേഴ്സ് യോഗം അടുത്ത വർഷത്തെ പ്രവർത്തനരൂപരേഖ അംഗീകരിച്ചു.

2016 മാർച്ച് 2-ാം തീയതി ചേർന്ന ബോർഡ് ഓഫ് ഡയറക്ടേഴ്സ് യോഗം ന്യൂയോർക്കിലെ റോക്ക് ലാന്റ് കമ്മ്യൂണിറ്റി സെന്ററിൽ നിന്ന് വി. കുർബാന മാറ്റിയത് മൂലം സംജാതമായ പ്രശ്നങ്ങളെ സംബന്ധിച്ച് അവതരിപ്പിച്ച പ്രമേയത്തിന്റെ പൂർണ്ണരൂപം താഴെ ചേർക്കുന്നു.

**പ്രമേയം:** കഴിഞ്ഞ 14 വർഷമായി ന്യൂയോർക്ക് റോക്ക് ലാന്റ് കമ്മ്യൂണിറ്റി സന്ററിൽ നടത്തിവരുന്ന കുർബാനയും വേദപാഠക്ലാസുകളും യാതൊരു മുന്നറിയിപ്പുമില്ലാതെ അവിടെ നിന്നും മാറ്റിയതിൽ ന്യൂയോർക്കിലെ ക്നാനായ സമുദായ അംഗങ്ങളുടേയും  കെ. സി. സി. യുടേയും വേദനയിലും ദുഃഖത്തിലും ചിക്കാഗോ കെ. സി. എസ് ഡയറക്ടർ ബോർഡ് പങ്കുചേരുകയും ധാർമിക പിന്തുണ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.

ന്യൂയോർക്കിലെ ക്നാനായ സമുദായാംഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിച്ച് സമുദായാംഗങ്ങളുടെ ആഗ്രഹങ്ങൾ സാധിച്ച് കൊടുക്കുവാൻ സഭാധികാരികൾ തയ്യാറാകണമെന്ന് കെ. സി. എസ്. ഡയറക്ടർ ബോർഡ് താല്പര്യപ്പെടുന്നു.

ഈ പ്രശ്നങ്ങൾക്ക് രമ്യമായ പരിഹാരങ്ങളുണ്ടാക്കി ന്യൂയോർക്കിലെ ക്നാനായ സമുദായാംഗങ്ങളുടെ സൗഹാർദാന്തരീക്ഷം സംജാതമാക്കുവാനുള്ള ഐ. കെ. സി. സിയുടേയും കെ. സി. സി. എൻ. എ യുടേയും നേതൃത്വത്തിന് ചിക്കാഗോ കെ. സി. എസിന്റെ എല്ലാവിധ പിന്തുണയും സഹായസഹകരണവും വാഗ്ദാനം ചെയ്യുന്നു.

## സോഷ്യൽബോഡി യോഗം:

മാർച്ച് 13ന് ചേർന്നു. റിപ്പോർട്ടും കണക്കും യോഗം അംഗീകരിക്കുകയും മൗണ്ട് പ്രോസ്പക്ടസിലെ നിർദ്ദിഷ്ട മൾട്ടി പർപ്പസ് സെന്റർ പ്രോജക്ടിന് റജസ്ലേറ്റീവ് സോണിംഗും ടാക്സ് എക്സംപ്ഷൻ സ്റ്റാറ്റസും നേടിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് മൾട്ടിപ്പർപ്പസ് സേർച്ച് കമ്മറ്റിയേയും കെ. സി. എസ് എക്സിക്യൂട്ടിവിനേയും യോഗം ചുമതലപ്പെടുത്തി.

## കെ.സി.എസ്. ക്രൂസ്:

ഫെബ്രുവരി 11 മുതൽ 15 വരെ വെസ്റ്റേൺ കരീബിയനിലേക്ക് നടത്തപ്പെട്ട ക്രൂസിൽ 80 തോളം അംഗങ്ങൾ പങ്കെടുത്തു.

**അഭിവന്ദ്യപിതാക്കന്മാരുടെ അനുസ്മരണം:** കോട്ടയം അതിരൂപതയ്ക്ക് വിലമതിക്കാനാവാത്ത സംഭാവനകൾ നൽകിയ ദൈവദാസൻ മാർ മാത്യു മാക്കിൽ, മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ, മാർ തോമസ് ചൂളപ്പറമ്പിൽ, മാർ തോമസ് തറയിൽ എന്നിവരുടെ അനുസ്മരണാർത്ഥം സംഘടിപ്പിച്ച സമ്മേളനം ഡി. കെ. സി. സി ലീഡർ സിറിയക് പുത്തൻപുരയിൽ ഉദ്ഘാടനം ചെയ്തു. ഫാ. എബ്രാഹം മുത്തോലത്ത് പ്രാർത്ഥനാ ശുശ്രൂഷ നയിച്ചു. സമ്മേളനത്തോടനുബന്ധിച്ച് സംഗീത സന്ധ്യയും നടത്തപ്പെട്ടു.

കെ. സി. എസ് പോഷക സംഘടനകളായ വിമൻസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ഹോളിഡേ പാർട്ടി കെ.സി.വൈ.എൽ. ന്റെ ആഭിമുഖ്യത്തിൽ ഗെയിംനൈറ്റ്, ഐസ് സ്കേറ്റിംഗ്, മാർച്ച് മാഡ്നെസ് ബ്രിക്കറ്റ് എന്നിവ നടത്തപ്പെട്ടു. ഇതര സംഘടനകളും വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

കെ. സി. എസ് ബിസിനസ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ മോർട്ടൺ ഗ്രോവ് സെന്റ് മേരീസ് പള്ളിയിൽ നടത്തപ്പെട്ട സെമിനാർ അറ്റോർണി ടാനിയ ട്രിച്ചി നയിച്ചു. റോയി നെടുംചിറ, സ്റ്റീഫൻ കിഴക്കേക്കുറ്റ്, സിറിയക് കൂവക്കാട്ടിൽ, ബിനു പൂത്തുറയിൽ എന്നിവർ നേതൃത്വം നൽകി.

കെ. സി. സി. എൻ. എ. നാഷണൽ കൗൺസിലിന്: ചിക്കാഗോ കെ. സി. എസ് ആതിഥ്യമരുളി മെയ് 7 നാണ് കെ. സി. സി. എൻ. എ നാഷണൽ കൗൺസിൽ യോഗം നടന്നത്. മെയ് 6 ന് വൈകുന്നേരം വിവിധ യൂണിറ്റുകളിൽ നിന്ന് എത്തിച്ചേർന്ന നാഷണൽ കൗൺസിൽ അംഗങ്ങൾക്ക് സ്വീകരണം നൽകി.

കെ. സി. എസ് വെബ്സൈറ്റ് സംബന്ധമായ എല്ലാവിധ സഹായങ്ങളും നൽകി വരുന്ന ജിമ്മി കണിയാലി, ദിലീപ് മാധവപ്പള്ളിൽ എന്നിവർക്ക് നന്ദി അറിയിക്കുന്നു.

കെ. സി. എസ് ന്യൂസ് ലറ്ററിന്റെ 3 ലക്കങ്ങൾ ഈ കാലയളവിൽ പ്രസിദ്ധികരിച്ചു.

**നിയുക്ത ആർച്ച് ബിഷപ്പ് മോൺ. കുര്യൻ വയലുങ്കലിനെ അനുമോദിച്ചു:** പപ്പുവാ ന്യൂഗിനിയയുടെ വത്തിക്കാൻ സ്ഥാനപതിയായി നിയമിതനായ, നിയുക്ത ആർച്ച് ബിഷപ്പ് മോൺ. കുര്യൻ വയലുങ്കലിനെ ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റി പൊതുയോഗം അനുമോദിച്ചു. പ്രസിഡന്റ് ജോസ് കണിയാലിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ റോയി നെടുംചിറ, ജീനോ കോതാലടിയിൽ, സ്റ്റീഫൻ കിഴക്കേക്കുറ്റ് എന്നിവർ പ്രസംഗിച്ചു.

കെ. സി. എസിന്റെ പ്രവർത്തനങ്ങൾ വിജയിപ്പിക്കുവാൻ സഹായിച്ച എല്ലാ അംഗങ്ങൾക്കും നന്ദി അറിയിക്കുന്നതോടൊപ്പം ഭാവി പ്രവർത്തനങ്ങൾക്കും സഹായവും സഹകരണവും അഭ്യർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

**ജിനോ കോതാലടിയിൽ**
ജനറൽ സെക്രട്ടറി